**ഗസറ്റ് തീയതി : 16.06.2021**

**അവസാന തീയതി : 21.07.2021 ബുധനാഴ്ച അർദ്ധരാത്രി 12 മണിവരെ**

**<u>കാറ്റഗറി നമ്പർ : 210/2021</u>**

കേരളത്തിലെ വിവിധ സർവകലാശാലകളിൽ താഴെപ്പറയുന്ന ഉദ്യോഗത്തിന് തെരഞ്ഞെടുക്കപ്പെടുന്നതിന് യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും ഓൺലൈനായി ഒറ്റത്തവണ രജിസ്ട്രേഷൻ പദ്ധതി പ്രകാരം അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു. ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റിലൂടെ ഒറ്റത്തവണ രജിസ്ട്രേഷൻ പ്രകാരം രജിസ്റ്റർ ചെയ്ത ശേഷമാണ് അപേക്ഷിക്കേണ്ടത്. ഇതിനോടകം രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് അവരുടെ പ്രൊഫൈൽ വഴി അപേക്ഷിക്കാവുന്നതാണ്.

| | | |
|---|---|---|
| **1. വകുപ്പ്** | : | കേരളത്തിലെ സർവ്വകലാശാലകൾ |
| **2. ഉദ്യോഗപ്പേര്** | : | ഡ്രൈവർ കം ഓഫീസ് അറ്റൻഡന്റ്<br>(ഹെവി പാസഞ്ചർ/ ഗുഡ്സ് വെഹിക്കിൾ) |
| **3. ശമ്പളം** | : | ₹ 18,000– 41,500/– |
| **4. ഒഴിവുകളുടെ എണ്ണം** | : | 01 (ഒന്ന് ) |

മുകളിൽ കാണിച്ചിട്ടുള്ള ഒഴിവ് ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും ഏറ്റവും കൂടിയത് മൂന്ന് വർഷവും നിലവിലിരിക്കുന്നതാണ്. എന്നാൽ ഒരു വർഷത്തിനു ശേഷം ഇതേ ഉദ്യോഗത്തിന് ഒരു പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കപ്പെടുകയാണെങ്കിൽ ആ തീയതി മുതൽ ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിന് പ്രാബല്യമുണ്ടായിരിക്കുന്നതല്ല. മുകളിൽ കാണിച്ചിട്ടുള്ള ഒഴിവിലേക്കും ലിസ്റ്റ് പ്രാബല്യത്തിലിരിക്കുന്ന സമയത്ത് അറിയിക്കപ്പെടുന്ന കൂടുതൽ ഒഴിവുകളിലേക്കും ഈ ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്.

കുറിപ്പ് I:–

i) 2015–ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സർവ്വകലാശാലകളുടെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ആക്ടിലെ Rule 2 a(i) മുതൽ (xiii) വരെ നിഷ്കർഷിക്കുന്ന സർവ്വകലാശാലകളിലേയും ഈ ആക്ടിൽ നിയമപ്രകാരം ചേർക്കപ്പെടുന്ന മറ്റ് സർവ്വകലാശാലകളിലെയും ടി തസ്തികയുടെ നിയമനങ്ങൾക്ക് ഈ വിജ്ഞാപനം ബാധകമായിരിക്കും.

ii) ഈ വിജ്ഞാപനപ്രകാരം ഒരു റാങ്ക് ലിസ്റ്റ് മാത്രം തയ്യാറാക്കപ്പെടുന്നതും അതിൽ നിന്നും മുകളിൽ പറയുന്ന എല്ലാ സർവ്വകലാശാലകളിലെയും പ്രസ്തുത തസ്തികകളിലുണ്ടാകുന്ന ഒഴിവുകളിലേയ്ക്ക് നിയമന ശിപാർശ നടത്തുന്നതുമാകയാൽ ഒരു ഉദ്യോഗാർത്ഥി ഒരു അപേക്ഷമാത്രം അയച്ചാൽ മതിയാകും. ഓരോ സർവ്വകലാശാലകളിലേയ്ക്കും അതാതു സർവ്വകലാശാല കളിൽ നിന്നും ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്ന മുറയനുസരിച്ച് ഉദ്യോഗാർത്ഥികളെ സംവരണ വ്യവസ്ഥകൾക്ക് വിധേയമായി അവരുടെ

റാങ്ക് അനുസരിച്ച് നിയമന ശിപാർശ നടത്തുന്നതാണ്. ഒരിക്കൽ നിയമന ശിപാർശ ചെയ്യപ്പെട്ടാൽ അയാളുടെ ഊഴം അവസാനിക്കുന്നതും ഇതേ ലിസ്റ്റിൽ നിന്നും വേറൊരു സർവ്വകലാശാലയിലേയ്ക്ക് നിയമന ശിപാർശ ചെയ്യപ്പെടാൻ അർഹതയില്ലാതാകുന്നതുമാണ്. ഒന്നിലധികം സർവ്വകലാശാലകളിലേയ്ക്ക് ഒരു പൊതു പരീക്ഷയുടെ അടിസ്ഥാനത്തിൽ ഒരു പൊതുവായ റാങ്ക് ലിസ്റ്റ് തയ്യാറാക്കപ്പെടുകയും അതിൽ നിന്നും നിയമനം നടത്തുകയും ചെയ്യുന്ന സാഹചര്യത്തിൽ ഒരു സർവ്വകലാശാലയിലേയ്ക്ക് ഒരിക്കൽ നിയമനം ലഭിച്ച ശേഷം ഒഴിവുകളുടെ അഭാവത്തിൽ പിരിച്ചുവിടപ്പെട്ട ഉദ്യോഗാർത്ഥിയ്ക്ക് തന്റെ പേര് വീണ്ടും പബ്ലിക് സർവ്വീസ് കമ്മീഷൻ ഓഫീസിൽ രജിസ്റ്റർ ചെയ്യാവുന്നതും പിന്നീട് മേൽപ്പറഞ്ഞ സർവ്വകലാശാലകളിൽ ഏതെങ്കിലും ഒന്നിൽ ആദ്യം ഉണ്ടാകുന്ന ഒഴിവുകളിൽ നിയമന ശിപാർശ നടത്തുന്നതുമാണ്. ഉദ്യോഗാർത്ഥിയുടെ പ്രൊബേഷൻ കാലാവധി കണക്കിലെടുക്കുമ്പോൾ പിരിച്ചുവിടപ്പെട്ട സർവ്വകലാശാലയിലെ സേവനകാലം കണക്കിലെടുക്കുന്നതാണ്. പിരിച്ചുവിടപ്പെട്ട സർവ്വകലാശാലയിൽ തന്നെ പുനർ നിയമനം ആഗ്രഹിക്കുന്നപക്ഷം പബ്ലിക് സർവ്വീസ് കമ്മീഷനിൽ വീണ്ടും രജിസ്റ്റർ ചെയ്യേണ്ട ആവശ്യം ഇല്ല. എന്നാൽ ആദ്യത്തെ സർവ്വകലാശാലയിൽ ഒഴിവുണ്ടാകുന്നതുവരെ ഉദ്യോഗാർത്ഥി കാത്തിരിക്കേണ്ടതാണ്. ഒരു പ്രത്യേക സർവ്വകലാശാലയിൽ തന്നെ ആദ്യ നിയമനം ആവശ്യപ്പെടുവാൻ ഉദ്യോഗാർത്ഥിയ്ക്ക് അവകാശം ഉണ്ടായിരിക്കുന്നതല്ല.

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം.

കുറിപ്പ് I : ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾ ഈ തസ്തികയിലേയ്ക്ക് അപേക്ഷിക്കാൻ യോഗ്യരല്ല.

**6. പ്രായപരിധി** : 18-36. ഉദ്യോഗാർത്ഥികൾ 02.01.1985 നും 01.01.2003 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ) മറ്റു പിന്നോക്ക വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും നിയമാനുസൃത ഇളവുണ്ടായിരിക്കും. (വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് പൊതു വ്യവസ്ഥകളിലെ പാർട്ട് II-ലെ രണ്ടാം ഖണ്ഡിക നോക്കുക.)

കുറിപ്പ് I:- യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് II-ലെ പൊതു വ്യവസ്ഥകൾ (ഖണ്ഡിക 2) നോക്കുക.

**7. യോഗ്യതകൾ:**

1) ഏഴാം ക്ലാസ്സ് പാസായിരിക്കണം അല്ലെങ്കിൽ തത്തുല്യമായ യോഗ്യത.

2) ഡ്രൈവർ ബാഡ്ജ് ഉപയോഗിച്ച് ലൈറ്റ് മോട്ടോർ വാഹനങ്ങളും ഹെവി മോട്ടോർ വാഹനങ്ങളും ഓടിക്കാൻ നിലവിലെ മോട്ടോർ ഡ്രൈവിംഗ് ലൈസൻസ് ഉണ്ടായിരിക്കണം. ഹെവി മോട്ടോർ വെഹിക്കിൾസ് ഡ്രൈവിംഗ് ലൈസൻസ് കുറഞ്ഞത് 3 വർഷമെങ്കിലും ഉണ്ടായിരിക്കണം. 16.01.1979 ന് ശേഷം ലഭിച്ച ഡ്രൈവിംഗ് ലൈസൻസിന് ഹെവി ഡ്യൂട്ടി ഗുഡ്സ് വെഹിക്കിൾസ്, ഹെവി ഡ്യൂട്ടി പാസഞ്ചർ വാഹനങ്ങൾ എന്നിവ ഓടിക്കുന്നതിനുള്ള പ്രത്യേക അംഗീകാരമുണ്ട്.

Medical Fitness:- Should be medically fit as per the standards specified below:

(i) Ear - Hearing should be perfect.

(ii) Eye - Distant Vision :- 6/6 Snellen
Near vision :- 0.5 snellen
Colour Vision :- Normal
Night blindness :- Nil

(iii) Muscles and joints - No Paralysis and all joints with free movement.

(iv) Nervous System- Perfectly normal and free from any infectious diseases.

Note I:-

1) ഡ്രൈവിംഗ് ലൈസൻസ് അപേക്ഷിക്കുന്ന സമയത്ത് മാത്രമല്ല, തിരഞ്ഞെടുക്കുന്ന ഓരോ ഘട്ടത്തിലും ആവശ്യമാണ്.

2) ഹെവി ഡ്യൂട്ടി വാഹനങ്ങൾ ഓടിക്കുന്നതിലെ പ്രാവീണ്യം ഓരോ തിരഞ്ഞെടുപ്പ് സമയത്തും കെ.പി.എസ്സ്.സി. നടത്തുന്ന പ്രായോഗിക പരീക്ഷയിലൂടെ തെളിയിക്കേണ്ടതാണ്.

3) അസിസ്റ്റന്റ് സർജന്റെ റാങ്കിൽ കുറയാത്ത ഒരു മെഡിക്കൽ ഓഫീസറിൽ നിന്ന് ലഭിച്ച ശരിയായ മെഡിക്കൽ സർട്ടിഫിക്കറ്റ് വഴി മെഡിക്കൽ ഫിറ്റ്നസ് തെളിയിക്കേണ്ടതാണ്.

4) KS & SSR പാർട്ട് II റൂൾ 10 (a) (ii) ബാധകമാണ് .

5) വിജ്ഞാപനപ്രകാരമുള്ള യോഗ്യതകളുടെ തത്തുല്യ യോഗ്യത അവകാശപ്പെട്ട് അപേക്ഷ സമർപ്പിക്കുന്ന ഉദ്യോഗാർത്ഥികൾ ടി യോഗ്യതയുടെ തത്തുല്യത തെളിയിക്കുന്ന സർക്കാർ ഉത്തരവ് വെരിഫിക്കേഷൻ സമയത്ത് ഹാജരാക്കിയാൽ മാത്രമെ പ്രസ്തുത യോഗ്യത തത്തുല്യമായി പരിഗണിക്കുകയുള്ളു.

6) ഉദ്യോഗാർത്ഥി അപേക്ഷയിൽ ശരിയായ ജാതി/സമുദായം അവകാശപ്പെടുകയും അത് എസ്.എസ്.എൽ.സി ബുക്കിൽ രേഖപ്പെടുത്തിയതിൽ നിന്ന് വ്യത്യസ്തമാകുകയും ചെയ്യുന്ന സാഹചര്യത്തിൽ നോൺ ക്രീമിലെയർ/ ജാതി

സർട്ടിഫിക്കറ്റിനോടൊപ്പം ജാതി വ്യത്യാസം സംബന്ധിച്ച ഗസറ്റ് വിജ്ഞാപനം കൂടി പ്രമാണപരിശോധനാ സമയത്ത് ഹാജരാക്കേണ്ടതാണ്.

## FORM OF MEDICAL CERTIFICATE REGARDING PHYSICAL FITNESS FOR THE POST OF DRIVER (LDV/HDV)

(To be filled up by a Medical Officer not below the rank of an Assistant Surgeon)

1. What is the applicant's apparent age? :
2. Is the applicant to the best of your judgment, subject to epilepsy, vertigo or any mental ailment likely to affect his efficiency? :
3. Does the applicant suffer from any heart or lungs disorder which might interfere with the performance of his duties as a Driver? :
4. Does the applicant suffer from any degree of deafness, which would prevent his hearing the ordinary sound signals? Is his hearing perfect? ;
5. Has the applicant any deformity or loss of finger, which would interfere with the efficient performance of his duties as a driver? :
6. State of Muscles and Joints (No paralysis and all joints with free movements) :
7. State of Nervous System (Perfectly normal and free from any infectious diseases) :
8. Does he show any evidence of being addicted to the extensive use of alcohol, tobacco or drinks? :
9. Marks of Identification :

He is physically fit for the post of ............................. ............ ........ I certify to the best of my knowledge and belief that the applicant Shri. ..................... ........................ is the person herein above described and that the attached photograph has a reasonably correct likeness.

(The signature of the Medical officer shall be affixed on the photograph.)

| | | |
|---|---|---|
| Photo of the candidate | | Signature<br>Name, Designation & Official Address |

Place:
Date:

(Office seal)

**FORM OF MEDICAL CERTIFICATE REGARDING VISION FOR THE POST OF DRIVER GRADE II (LDV/HDV)**

(To be filled up by an Ophthalmologist in Government Service)

1. Is there any defect of vision? If so, has it been corrected by suitable spectacles so that the distant vision is 6/6 snellen and near vision is 0.5 snellen. :
2. Can the applicant readily distinguish the pigmentary colours red and green? :
3. Does the applicant suffer from any night blindness? :

I have this day medically examined Shri ............................ and found that he has no defect of vision which would render him unsuitable for the post of Driver Grade II (LDV/HDV) and his standards of vision are as follows.

| | | Standards of Vision (Eye sight without glasses) | |
|---|---|---|---|
| | | Right Eye | Left Eye |
| 1. | Distant Vision | .............snellen | ............snellen |
| 2. | Near Vision | .............snellen | ............snellen |
| 3. | Field of vision (specify whether full or not, Entry 'Normal', 'Good' etc. will be inappropriate here) | | |
| 4. | Colour blindness | | |
| 5. | Squint | | |
| 6. | Any morbid conditions of the eyes or lids of either eye | | |

His standards of vision are fit for the post of Driver (LDV/HDV)

I certify to the best of my knowledge and belief that the applicant Sri......................................................................................... is the person herein above described and that the attached photograph has a reasonably correct likeness (The signature of the Ophthalmologist shall be affixed on the photograph leaving the face clear.)

Photo of the

Signature

| candidate | Name, Designation & Official Address |
|---|---|

Place:
Date:

(Office seal)

Note:- Details regarding standards of vision should be clearly stated in the certificate, as given above and vague statements such as vision Normal etc. will not be accepted. Specification for each eye should be stated separately. Special attention should be directed to the distant vision. Required standard of vision are as follows.

| | Right Eye | Left Eye |
|---|---|---|
| (a) Distant vision | | |
| (b) Near vision | | |
| (c) Each eye must have full field of vision | | |

**8. അപേക്ഷ സമർപ്പിക്കേണ്ട രീതി:**

(എ) ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റായ www.keralapsc.gov.in വഴി 'ഒറ്റത്തവണ രജിസ്ട്രേഷൻ' പ്രകാരം രജിസ്റ്റർ ചെയ്ത ശേഷമാണ് അപേക്ഷിക്കേണ്ടത്. രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ user ID യും password ഉം ഉപയോഗിച്ച് login ചെയ്ത ശേഷം സ്വന്തം profile ലൂടെ അപേക്ഷിക്കേണ്ടതാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുമ്പോഴും പ്രസ്തുത തസ്തികയോടൊപ്പം കാണുന്ന Notification Link-ലെ Apply Now -ൽ മാത്രം click ചെയ്യേണ്ടതാണ്. Upload ചെയ്യുന്ന ഫോട്ടോ 31/12/2011-ന് ശേഷം എടുത്തതായിരിക്കണം ഫോട്ടോയുടെ താഴെ ഉദ്യോഗാർത്ഥിയുടെ പേരും ഫോട്ടോ എടുത്ത തീയതിയും വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. നിശ്ചിത മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് upload ചെയ്ത ഫോട്ടോയ്ക്ക് upload ചെയ്ത തീയതി മുതൽ 10 വർഷക്കാലത്തേയ്ക്ക് പ്രാബല്യമുണ്ടായിരിക്കും. ഫോട്ടോ സംബന്ധിച്ച മറ്റ് നിബന്ധനകൾക്കൊന്നും തന്നെ മാറ്റമില്ല. അപേക്ഷാ ഫീസ് നൽകേണ്ടതില്ല. Password രഹസ്യമായി സൂക്ഷിക്കേണ്ടതും വ്യക്തിഗത വിവരങ്ങൾ ശരിയാണെന്ന് ഉറപ്പ് വരുത്തേണ്ടതും ഉദ്യോഗാർത്ഥിയുടെ ചുമതലയാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുന്നതിന് മുൻപും തന്റെ പ്രൊഫൈലിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വിവരങ്ങൾ ശരിയാണെന്ന് ഉദ്യോഗാർത്ഥി ഉറപ്പുവരുത്തേണ്ടതാണ്. കമ്മീഷനുമായുള്ള എല്ലാ കത്തിടപാടുകളിലും User Id പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. കമ്മീഷനു മുമ്പാകെ ഒരിക്കൽ സമർപ്പിച്ചിട്ടുള്ള അപേക്ഷ സോപാധികമായി സ്വീകരിക്കപ്പെടുന്നതാണ്. അപേക്ഷ സമർപ്പണത്തിനു ശേഷം

അപേക്ഷയിൽ മാറ്റം വരുത്തുവാനോ വിവരങ്ങൾ ഒഴിവാക്കുവാനോ കഴിയുകയില്ല. **ഭാവിയിലെ ഉപയോഗത്തിനായി ഉദ്യോഗാർത്ഥികൾ ഓൺലൈൻ അപേക്ഷയുടെ Soft copy/print out എടുത്ത് സൂക്ഷിക്കേണ്ടതാണ്. ഉദ്യോഗാർത്ഥികൾ അവരുടെ പ്രൊഫൈലിലെ 'My applications' എന്ന Link-ൽ click ചെയ്ത് അപേക്ഷയുടെ print out എടുക്കാവുന്നതാണ്. അപേക്ഷ സംബന്ധമായി കമ്മീഷനുമായി നടത്തുന്ന കത്തിടപാടുകളിൽ അപേക്ഷയുടെ Print out കൂടി സമർപ്പിക്കേണ്ടതാണ്.** തെരഞ്ഞെടുപ്പ് പ്രക്രിയയുടെ ഏതവസരത്തി-ലായാലും സമർപ്പിക്കപ്പെട്ട അപേക്ഷകൾ വിജ്ഞാപന വ്യവസ്ഥകൾക്ക് വിരുദ്ധമായി കാണുന്ന പക്ഷം നിരുപാധികമായി നിരസിക്കുന്നതാണ്. വിദ്യാഭ്യാസ യോഗ്യത, പരിചയം, ജാതി, വയസ്സ് മുതലായവ തെളിയിക്കുന്നതിനുള്ള അസ്സൽ പ്രമാണങ്ങൾ കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കിയാൽ മതിയാകും.

(ബി) ഈ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് എഴുത്ത് / ഒ.എം.ആർ / ഓൺലൈൻ പരീക്ഷ നടത്തുക യാണെങ്കിൽ പരീക്ഷ എഴുതുമെന്ന സ്ഥിരീകരണം അപേക്ഷകർ തങ്ങളുടെ ഒറ്റത്തവണ രജിസ്ട്രേഷൻ പ്രൊഫൈൽ വഴി നൽകേണ്ടതാണ്. അപ്രകാരം സ്ഥിരീകരണം നൽകുന്നവർക്ക് മാത്രം അഡ്മിഷൻ ടിക്കറ്റ് ജനറേറ്റ് ചെയ്ത് അത് ഡൗൺലോഡ് ചെയ്യുന്നതിനുള്ള സൗകര്യം പരീക്ഷ തീയതി വരെയുള്ള അവസാനത്തെ 15 ദിവസങ്ങളിൽ ലഭ്യമാകുന്നതാണ്. നിശ്ചിത സമയത്തിനുള്ളിൽ സ്ഥിരീകരണം നൽകാത്ത ഉദ്യോഗാർത്ഥികളുടെ അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതാണ്. സ്ഥിരീകരണം നൽകേണ്ടതായ കാലയളവ് സംബന്ധിച്ച തീയതികളെക്കുറിച്ചും അഡ്മിഷൻ ടിക്കറ്റ് ലഭ്യമാകുന്ന തീയതി സംബന്ധിച്ചും ഉള്ള വിവരങ്ങൾ ബന്ധപ്പെട്ട പരീക്ഷ ഉൾപ്പെടുന്ന പരീക്ഷ കലണ്ടറിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്. ഇത് സംബന്ധിച്ച അറിയിപ്പ് ഉദ്യോഗാർത്ഥികളുടെ പ്രൊഫൈലിലും, അതിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈൽ ഫോൺ നമ്പറിലും നൽകുന്നതാണ്.

(സി) വിദ്യാഭ്യാസം, പരിചയം തുടങ്ങി യോഗ്യത സംബന്ധിച്ച് തെറ്റായ അവകാശവാദം ഉന്നയിച്ച് അപേക്ഷ നൽകിയ ശേഷം പരീക്ഷയ്ക്ക് Confirmation നൽകിയിട്ട് ഹാജരാകുകയോ ഹാജരാകാതിരിക്കുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികൾക്കെതിരെ Rules of Procedure Rule 22 പ്രകാരം ഉചിതമായ ശിക്ഷാനടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) ആധാർ കാർഡുള്ള ഉദ്യോഗാർത്ഥികൾ തങ്ങളുടെ പ്രൊഫൈലിൽ ആധാർ കാർഡ് തിരിച്ചറിയൽ രേഖയായി നൽകേണ്ടതാണ്.

**9. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി 21.07.2021 ബുധനാഴ്ച അർദ്ധരാത്രി 12.00 മണി വരെ.**

**10. അപേക്ഷ സമർപ്പിക്കേണ്ട വെബ്സൈറ്റ് : www.keralapsc.gov.in**

(ഫോട്ടോ, ID കാർഡ് ഉൾപ്പെടെയുള്ള  വിശദ വിവരങ്ങൾക്ക് പാർട്ട് – 2 ൽ കൊടുത്തിരിക്കുന്ന പൊതു വ്യവസ്ഥകൾ കൂടി നോക്കുക )

**സാജു ജോർജ്ജ്**
**സെക്രട്ടറി**
**കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ**